II ഇ.ബി. XIV-കേരള നിയമസഭ /II-5

# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2016 സെപ്റ്റംബർ 30, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലെ ഫീസ് വർദ്ധന പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ബാനറുകളും പ്ലക്കാർഡുകളും പിടിച്ചുകൊണ്ട് എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശമനുസരിച്ച് നിശബ്ദരാകുകയും സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരാകുകയും ചെയ്തു. )

13 (*121 ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും

വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) നൽകിയ മറുപടിയിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച് സി.&എ.ജി, സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ടുമെന്റ്, പെർഫോർമൻസ് ഓഡിറ്റ് വിഭാഗം എന്നിവ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രൂപീകരിക്കുന്ന മുഴുവൻ പദ്ധതികളും നടപ്പിലാക്കാതെ പദ്ധതി മാർഗ്ഗരേഖയ്ക്ക് അനുസൃതമല്ലാത്ത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുവെന്നും പദ്ധതിച്ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ ഉത്പാദന മേഖലയ്ക്കുള്ള ചെലവ് കുറയുന്നുവെന്നും വനിതാ ഘടക പദ്ധതികൾക്കുള്ള തുക പൂർണ്ണമായി വിനിയോഗിക്കാതിരിക്കുക, പട്ടികജാതിക്കാർക്കുള്ള ഘടക പദ്ധതികൾ നടപ്പിലാക്കുന്നതിലെ പോരായ്മ; പാലിയേറ്റീവ് പരിചരണം; ഭിന്നശേഷിക്കാർ, മുതിർന്ന പൗരൻമാർ എന്നിവർക്കായുള്ള പദ്ധതികളുടെ തുക പൂർണ്ണമായും ചെലവഴിക്കാതിരിക്കുക; ആരോഗ്യ ശുചിത്വ പദ്ധതികളുടെ നടത്തിപ്പിലുള്ള വീഴ്ച; ആസൂത്രണവും ലക്ഷ്യബോധവുമില്ലാതെ നടപ്പാക്കിയ പദ്ധതികളിലൂടെയുണ്ടായിട്ടുള്ള പാഴ്ചെലവ്; മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡി അനുവദിച്ചത് എന്നിവയാണ് സി.&എ.ജി റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നത്. സ്റ്റേറ്റ് ഓഡിറ്റ് റിപ്പോർട്ടിൽ നിഷ്ക്രിയ ആസ്തികൾ

വർദ്ധിച്ചുവരുന്നതായും നദീതീരസംരക്ഷണം, മണൽ വാരൽ നിയന്ത്രണ നിയമത്തിന്റെ നടത്തിപ്പ് എന്നിവയിൽ പരാജയമുള്ളതായും ക്ഷേമ പെൻഷനുകളുടെ ഗുണഭോക്തൃ നിർണ്ണയത്തിലും പെൻഷൻ വിതരണത്തിലും പാകപ്പിഴകളുള്ളതായും മൃഗസംരക്ഷണ, ക്ഷീരവികസന മേഖലകളിൽ ഇടപെടൽ നടത്താൻ കഴിയുന്നില്ലെന്നും ജില്ലാ പഞ്ചായത്തുകളുടെ കീഴിലുള്ള ക്ഷീരവികസന ഫാമുകളുടെ നടത്തിപ്പിൽ ക്രമക്കേടുകളുള്ളതായും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 2016-17-ൽ ഉത്പാദനമേഖലയ്ക്ക് 20% തുക നീക്കിവയ്ക്കാനും പട്ടികജാതി വിഭാഗങ്ങൾക്ക് നൽകാവുന്ന ആനുകൂല്യങ്ങളുടെ ഇനങ്ങൾ വർദ്ധിപ്പിക്കുന്നതിനും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനും ശ്മശാനം, മാലിന്യനിർമ്മാർജ്ജനം എന്നിവയ്ക്ക് 10 ശതമാനം തുക പദ്ധതി വിഹിതത്തിൽനിന്നും നീക്കിവയ്ക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പേവിഷ ബാധയേറ്റ നായ്ക്കളെയും ആക്രമണകാരികളായ തെരുവുനായ്ക്കളെയും കൈകാര്യം ചെയ്യാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകുന്ന നിയമങ്ങൾ നിലവിലുണ്ടെങ്കിലും സുപ്രീംകോടതിവിധിയുടെ അടിസ്ഥാനത്തിൽ നടപ്പാക്കാൻ സാധിക്കാത്തതിനാൽ എ.ബി.സി. പ്രോഗ്രാമിന് പ്ലാനിൽ പണം

നീക്കിവയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പി.എം.എ.വൈ-യിൽ ഭവനരഹിതരും ദുർബലരുമായ ജനറൽ വിഭാഗത്തെക്കൂടി ഉൾപ്പെടുത്തണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും മാലിന്യനിർമ്മാർജ്ജനത്തിനായി ഹരിതകേരളം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. തദ്ദേശഭരണസ്ഥാപനങ്ങളെ സ്വയംപര്യാപ്തമാക്കുന്നതിന് ഉപയുക്തമായിട്ടുള്ള മാർഗ്ഗങ്ങൾ ഗവൺമെന്റ് ആലോചിച്ചുവരികയാണെന്നും വി.ഇ.ഒ. മാരുടെ ഒഴിവുകൾ നികത്തുന്നതിന് പി.എസ്.സി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും എസ്.സി. വിഭാഗത്തിന് ഭവനനിർമ്മാണത്തിനുള്ള തുക 3 ലക്ഷം രൂപയാക്കി ഉയർത്തിയിട്ടുണ്ടെന്നും നഗരപ്രദേശങ്ങളിൽ ഫ്ലാറ്റ് സമുച്ചയ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്കു മറുപടിയായി മന്ത്രി സഭയെ അറിയിച്ചു. ഇന്ദിരാ ആവാസ് യോജനയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം നൽകാത്തതിനാൽ പദ്ധതിയിൽ ഒരു വീടുപോലും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സഭയെ അറിയിച്ചു.

14 (*122) ഉത്സവ സീസണുകളിൽ സംഭരിക്കുന്ന പച്ചക്കറി

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ)നൽകിയ മറുപടിയിൽ, ഉത്സവ സീസണുകളുൾപ്പെടെയുള്ള ദിവസങ്ങളിലെല്ലാം കർഷക സംഘങ്ങൾ, കാർഷിക മൊത്തവ്യാപാര വിപണികൾ, സംഘമൈത്രി, വി.എഫ്.പി.സി.കെ. എന്നിവിടങ്ങളിൽനിന്നും കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികൾ അയൽ സംസ്ഥാനങ്ങളിൽനിന്നും ഹോർട്ടികോർപ്പ് സംഭരിച്ച് വിപണിയിൽ എത്തിക്കുന്നുണ്ടെന്നും കഴിഞ്ഞ ഓണക്കാലത്ത് കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾ 10 ശതമാനം അധികവിലയ്ക്ക് സംഭരിക്കുകയും കമ്പോള വിലയേക്കാൾ 30 ശതമാനം കുറച്ച് 1350 ഔട്ട്ലെറ്റുകളിലൂടെ വിൽപ്പന നടത്തുകയും ചെയ്യുതായി സഭയെ അറിയിച്ചു. പച്ചക്കറികൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള ശീതികരണ സംഭരണികൾ പരിമിതമായതിനാൽ പ്രവർത്തനസജ്ജമല്ലാത്തതോ മറ്റ് ഉപയോഗങ്ങൾക്ക് നൽകുകയോ ചെയ്യിരുന്നവ പുന:സ്ഥാപിക്കാനും പുതിയ ശീതീകരണ സംവിധാനങ്ങൾ ആരംഭിക്കാനും നടപടി സ്വീകരിച്ചുവരുന്നു. പച്ചക്കറികൾ കേടുകൂടാതെ സംഭരിക്കുന്നതിനായി 10 മൊബൈൽ കൂൾ ചേമ്പറുകൾ ആർ.കെ.വി.വൈ. ധനസഹായത്തോടെ സ്വാശ്രയ കർഷക സമിതികൾക്കായി വി.എഫ്.പി.സി.കെ. നൽകിയിട്ടുണ്ടെന്നും കൂടുതൽ വിളവ് കൊണ്ടുള്ള വിലനഷ്ടവും വിളവ് കുറയുന്നതുകൊണ്ടുള്ള ഉത്പന്ന അപര്യാപ്തതയും ഒഴിവാക്കുന്നതിനായി

ശാസ്ത്രീയമായ പച്ചക്കറിവിള ആസൂത്രണ കലണ്ടർ തയ്യാറാക്കുവാൻ നടപടി ആരംഭിച്ചിട്ടുണ്ടെന്നും 50000 ഏക്കർ സ്ഥലത്ത് വിഷരഹിത പച്ചക്കറി ഉത്പാദനം വ്യാപിപ്പിക്കുന്നതിനുള്ള ആക്ഷൻ പ്ലാനിന്റെ ഭാഗമായി 146 ബ്ലോക്കുകളിലും രണ്ട് ക്ലസ്റ്ററുകൾ വീതം പുതുതായി രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും മന്ത്രി വ്യക്തമാക്കി. കേന്ദ്ര ഗവൺമെന്റ് നെല്ലിന്റെ താങ്ങുവില 60 പൈസ വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ താങ്ങുവില വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലാണെന്നും കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകൾ പുനരുദ്ധരിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി സഭയെ അറിയിച്ചു.

15 (*123) <u>റോഡ് സുരക്ഷാ അതോറിറ്റി</u>

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) നൽകിയ മറുപടിയിൽ, കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് 2008-09 മുതൽ 2015-16 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്നും ന്യൂനതകൾ പരിഹരിച്ച് എ.ജി.-ക്ക് റിപ്പോർട്ട് നൽകുന്നതിലേയ്ക്ക് 03.08.2016-ലെ 31-ാമത് റോഡ് സുരക്ഷാ അതോറിറ്റി മീറ്റിംഗിൽ ഓഡിറ്റ് റിപ്പോർട്ട് അജണ്ടയായി ഉൾപ്പെടുത്തി ചർച്ച ചെയ്യുകയും ഓഡിറ്റ് പരാമർശങ്ങളിന്മേൽ അടിയന്തരമായി മറുപടി നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. 2007-ലെ കേരള റോഡ് സുരക്ഷാ

അതോറിറ്റി ആക്ടിന്റെ 10, 11 വകുപ്പുകൾ പ്രകാരവും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്ന ഗ്രാന്റുകൾ, വായ്പകൾ അല്ലെങ്കിൽ മുൻകൂറുകൾ, പൊതു സ്ഥാപനങ്ങളിൽനിന്നോ സ്വകാര്യ സ്ഥാപനങ്ങളിൽനിന്നോ സംഘടനകളിൽ നിന്നോ ഉള്ള സംഭാവനകൾ, 28-ാം വകുപ്പിൻ കീഴിൽ ശേഖരിച്ച രാജിയാക്കൽ ഫീസ് എന്നിവയിലൂടെയാണ് കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക് ഫണ്ട് ലഭിക്കുന്നത്. നാളിതുവരെ റോഡ് സുരക്ഷാ അതോറിറ്റിക്ക് 173.12 കോടി രൂപ ബഡ്ജറ്റ് വിഹിതം ലഭ്യമാക്കിയിട്ടുണ്ടെന്നും ഫണ്ടിന്റെ അപര്യാപ്തത റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനങ്ങളെ ബാധിച്ചിട്ടില്ലെന്നും മന്ത്രി അറിയിച്ചു. വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾക്ക് പരിഹാരം കാണുന്നതിനാണ് റോഡ് സുരക്ഷാ നിയമം കേരള നിയമസഭ പാസ്സാക്കിയത്. സൈൻ ബോർഡുകൾ, റോഡിന്റെ സൈഡിലെ ക്യാരേജ് വെയിറ്റേജുള്ള ബോർഡർ ലൈൻ, ബോധവത്കരണ പ്രവർത്തനം തുടങ്ങിയ കാര്യങ്ങൾ മാത്രമാണ് റോഡ് സുരക്ഷാ അതോറിറ്റിയുടെ ചുമതലയിലുള്ളത്. ഇതിന്റെ പരിമിതികൾ പരിഹരിക്കുന്നതിനും ഫണ്ട് കൃത്യമായി വിനിയോഗിക്കുന്നതിനും നിലവിലുള്ള ചട്ടങ്ങളിൽ മാറ്റം വരുത്തേണ്ടതുണ്ട്. ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റോഡ് സുരക്ഷാ നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഡ്രൈവിംഗ്

സ്കൂളുകൾക്കെതിരെ നടപടി സ്വീകരിക്കുമെന്നും വൈപ്പിനിലെ ഇ-യാത്ര പ്രോജക്ട് സംബന്ധിച്ച് പരിശോധിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി സഭയെ അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 962 മുതൽ 1234 വരെയുള്ള ചോദ്യങ്ങളിൽ 165 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)